വേണ്ടി അപേക്ഷിച്ചവരും 4 പേർ ക്രൈം കേസ്സിൽപ്പെട്ടവരും 3 പേർ ട്രെയിനിംഗിന് ഹാജരാകാത്തവരുമാണ്. ട്രെയിനിംഗിൽ ഹാജരാകാത്ത മൂന്ന് പേരുടെ എൻ.ജെ.ഡി. റിപ്പോർട്ട് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരികയാണ്. 215 പേർക്ക് രണ്ടാംഘട്ട മെഡിക്കൽ പരിശോധനയിൽ ഹാജരാകുന്നതിനായി അറിയിപ്പ് നൽകിയിട്ടുള്ളതും ആയതിൽ 183 പേർ ഹാജരാകുകയും 32 പേരുടെ എൻ.ജെ.ഡി. റിപ്പോർട്ട് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരികയുമാണ്.

(ബി) 134 ഒഴിവുകൾ പി.എസ്.സി. യെ അറിയിച്ചിട്ടുണ്ട്.

(സി) വീഴ്ചകൾ ഉണ്ടായതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

**ശ്രീ.എം.എ. വാഹീദ് എം.എൽ.എ.-യ്ക്കെതിരെ ശ്രീമതി ഇ.എസ്.ബിജിമോൾ, എം.എൽ.എ. നൽകിയ പരാതി**

**164 (2983)** ശ്രീ. പി. കെ. ഗുരുദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോൺഗ്രസ്സ് എം.എൽ.എ. ശ്രീ. എം. എ. വാഹീദിനെതിരെ ശ്രീമതി ഇ. എസ്. ബിജിമോൾ എം.എൽ.എ. നൽകിയ പരാതിയിന്മേൽ പോലീസ് അന്വേഷണം നടത്തുകയുണ്ടായോ ;

(ബി) ശ്രീമതി ബിജിമോളെ അപമാനിക്കുക എന്ന ഉദ്ദേശത്തോടെ ശ്രീ. വാഹീദ് പ്രസംഗിച്ചു എന്ന പരാതിയെക്കുറിച്ച് അന്വേഷണം നടത്തിയിരുന്നത് ഏത് പോലീസ് ഉദ്യോഗസ്ഥനായിരുന്നു ; പ്രസ്തുത ഉദ്യോഗസ്ഥന്റെ അന്വേഷണ റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കാമോ ;

(സി) ശ്രീ. വാഹീദിനെതിരെ ഏതെല്ലാം വകുപ്പുകൾ പ്രകാരമാണ് കേസ്സെടുക്കുന്നത് ; വിശദമാക്കാമോ ?

ഉത്തരം

(എ) ശ്രീമതി ഇ. എസ്. ബിജിമോൾ, എം.എൽ.എ, ശ്രീ. എം. എ. വാഹീദ് എം.എൽ.എ.യ്ക്കെതിരെ നൽകിയ പരാതിയിൽ ശ്രീകാര്യം പോലീസ് സ്റ്റേഷനിൽ ഒരു കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തിവരുന്നു. (ശ്രീകാര്യം പി.എസ്. ക്രൈം 303/2015)

LIBRARY ARCHIVES Kerala Legislative Assembly

(ബി) തിരുവനന്തപുരം സിറ്റി ജില്ലാ പോലീസ് മേധാവിയുടെ ഉത്തരവ് നമ്പർ ഡി1/22768/2015/റ്റിസി തീയതി 23-3-2015 പ്രകാരം ടി കേസ്സിന്റെ അന്വേഷണം ഇപ്പോൾ ശംഖുമുഖം പോലീസ് അസിസ്റ്റന്റ് കമ്മീഷണർ നടത്തിവരുന്നു. അന്വേഷണം പൂർത്തിയായിട്ടില്ല.

(സി) ശ്രീകാര്യം പി.എസ്. ക്രൈം 303/2015 u/s 354(A) I(V) IPC പ്രകാരമാണ് കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തിവരുന്നത്.

## ടീം സോളാർ കമ്പനി

**165 (2984)** ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സൗരോർജ്ജ പദ്ധതിയുടെ പേരിൽ നിരവധി ആളുകളിൽനിന്നും കോടിക്കണക്കിന് രൂപ തട്ടിയെടുത്ത ടീം സോളാർ കമ്പനിയെ സംസ്ഥാന സർക്കാർ കരിമ്പട്ടികയിൽ ഉൾപ്പെടുത്താത്തത് എന്തുകൊണ്ടാണെന്ന് വ്യക്തമാക്കുമോ ;

(ബി) ടീം സോളാർ കമ്പനിയുടെ പേരിൽ സരിത എസ്. നായർ നടത്തിയ തട്ടിപ്പിനെപ്പറ്റി കേന്ദ്ര കമ്പനികാര്യവകുപ്പിനെ സംസ്ഥാന സർക്കാർ ഇതുവരെ അറിയിച്ചിട്ടില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ ഇതു സംബന്ധിച്ച് എന്തെല്ലാം നടപടികൾ സ്വീകരിക്കാൻ ഉദ്ദേശിക്കുന്നു എന്നു വ്യക്തമാക്കുമോ ;

(സി) ടീം സോളാർ കമ്പനി ഇപ്പോഴും ആക്ടീവ് കമ്പനികളുടെ പട്ടികയിലാണ് ഉള്ളതെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) ഇനിയും തട്ടിപ്പ് തുടരാതിരിക്കാൻ പ്രസ്തുത കമ്പനിയെ കരിമ്പട്ടികയിൽപ്പെടുത്താൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) സൗരോർജ്ജ പദ്ധതിയുടെ പേരിൽ നിരവധി ആളുകളിൽനിന്നും കോടിക്കണക്കിന് രൂപ തട്ടിയെടുത്ത ടീം സോളാർ കമ്പനിയുടെ രജിസ്ട്രേഷൻ റദ്ദാക്കിയിട്ടുണ്ട്.

(ബി) ടീം സോളാർ കമ്പനിയുടെ തട്ടിപ്പിനെക്കുറിച്ച് മിനിസ്ട്രി ഓഫ് കോർപ്പറേറ്റ് അഫയേഴ്സിനെ യഥാസമയം അറിയിച്ചിട്ടുണ്ട്.

(സി) ടീം സോളാർ കമ്പനി കേന്ദ്ര ഗവൺമെന്റ്/സംസ്ഥാന ഗവൺമെന്റ് അംഗീകാരം നൽകിയ കമ്പനികളുടെ പട്ടികയിലില്ല.

(ഡി) ടീം സോളാർ കമ്പനിക്ക് അംഗീകാരമില്ല.

LIBRARY ARCHIVES Kerala Legislative Assembly